മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 32 MAY 2024



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: shutterstock



# മഴയെ നിക്ഷേപിക്കണം

അവധിക്കാലം അവസാനിക്കാൻ പോകുകയാണ്. പഠനത്തിരക്കുകളിലേക്കാണ് ഇനി പോകേണ്ടത്. മഴക്കാലം ജൂണിൽത്തന്നെ  കേരളത്തിൽ പയ്ത്തിറങ്ങുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.  മഴപെയ്ത്ത് നമ്മുടെ തൊടിയിൽ നിറയുന്ന വെള്ളം  ഭൂമിക്കടിയിലേക്ക് താഴ്ന്നിറങ്ങുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനെക്കുറിച്ച് കൂട്ടുകാർ എല്ലാവരും ചർച്ചകൾ നടത്തണേ. ഇതിന്റെ ഗുണങ്ങളെക്കുറിച്ച് മുതിർന്നവരോട് സംസാരിക്കുകയുമാവാം. ഭൂമിക്കടിയിലുള്ള ജല ബാങ്കിലേക്ക് നമ്മൾ ഓരോരുത്തരും സംഭാവന നൽകണം. അതിന്റെ പലിശ  വരുംകാലത്ത് പഴങ്ങളായും നെല്ലായും ഒക്കെ നമുക്ക് തരിച്ചുകിട്ടുകയും ചെയ്യും. മഴപെയ്ത്ത് ഭൂമിയിലേക്ക് പതിക്കുന്നത് വെറും വെള്ളമല്ല, ജീവജലമാണ് എന്ന ബോധ്യം നമുക്ക് ഉണ്ടാവണം.


എഡിറ്റോറിയൽ

# ജീവനാണ് ഓരോ മരവും



കേരളം ഉഷ്ണതരംഗഭൂപടത്തിൽ ഉൾപ്പെട്ടു എന്ന വാർത്ത അതിശയത്തോടെയാണ് നമ്മൾ കേട്ടത്. 44 നദികളും നിരവധി കായലുകളും ചെറുതോടുകളുമൊക്കെയുള്ള ജലസമൃദ്ധമായ ഇടമാണിതെന്ന് അഭിമാനിച്ചിരുന്നു. കേരളത്തിന്റെ ഹരിതാഭയെക്കുറിച്ചും എപ്പോഴും പറയാറുണ്ട്. എന്നാൽ ഈ ജലസമൃദ്ധിയുടെയും ഹരിതാഭയുടെയും മുകളിലാണ് ഉഷ്ണതരംഗം നമ്മളെ പേടിപ്പിക്കുന്നത്. സൂര്യന്റെ ചൂട് ഏറ്റുവാങ്ങാൻ പാകത്തിൽ മരത്തലപ്പുകളും ചെടികളും കുറയുന്നതാണ് ചൂട് വർധിക്കുന്നതിന്റെ പ്രധാനകാരണം. ചൂടിനെ പ്രതിഫലിപ്പുന്ന കോൺക്രീറ്റ് മേൽക്കൂരകളും പ്രതലങ്ങളും ക്രമാതീതമായി കൂടുന്നതും ചൂട് വർധിക്കുന്നതിന്റെ കാരണമാണ്. ഈ വർഷം കേരളത്തിൽ അനുഭവപ്പെട്ട ചൂട് ഏറ്റവും ഉയർന്നതാണെന്നാണ് കണക്കുകൾ. വരും വർഷങ്ങളിൽ ചൂട് ഇനിയും അധികരിക്കാനുള്ള സാധ്യതയും കാലാവസ്ഥാവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ചൂടിനെ തടുക്കാൻ മരങ്ങൾക്കുമാത്രമേകഴിയൂ എന്ന് ഓർക്കുക. ഓരോ മരവും സംരക്ഷിക്കുമ്പോൾ നമ്മൾ സ്വന്തം ജീവനൊപ്പം  വരുതലമുറയുടെ ജീവനുംകൂടിയാണ് സംരക്ഷിക്കുന്നത്.

കാട്ടിലെക്കാര്യം



# കാട്
## പ്രപഞ്ചത്തിന്റെ സ്പന്ദനം

ഓരോ ജീവന്റേയും പ്രാണൻ. പച്ചയെന്ന നിറത്തെ ഇത്രയും മനോഹരമാക്കുന്ന മറ്റൊരിടമില്ല. വമ്പൻവൃക്ഷങ്ങളാൽ സമ്പുഷ്ടമായ കാടുകളിൽ വിഷസസ്യങ്ങൾ ഉൾപ്പെടെ നിരവധി ഔഷധസസ്യങ്ങളുമുണ്ട്. പക്ഷിമൃഗാദികളുടെ സന്തുഷ്ടമായ ആവാസ കേന്ദ്രമാണ് കാട്. പുഴകളും അരുവികളും കുളിർമ്മയേകുന്ന പ്രദേശം. മനുഷ്യരാശിയുടെ ഉദ്ഭവവും വളർച്ചയും കാടുകളിൽ ആയിരുന്നു. എന്നാൽ ഇന്ന് ആ പച്ചപ്പിന്റെ അടിവേരു നശിപ്പിക്കുകയാണ് മനുഷ്യർ. മരങ്ങൾ വെട്ടിയും മൃഗങ്ങളെ ഇല്ലാതാക്കിയും ഓരോ വനപ്രദേശവും നശിപ്പിക്കുന്നു. പ്രപഞ്ചത്തിന്റെ ഓരോ ചലനത്തേയുമാണ് മനുഷ്യർ ഇല്ലാതാക്കികൊണ്ടിരിക്കുന്നത്. പ്രകൃതിയുടെ സംരക്ഷകരാകേണ്ടവർ തന്നെ ഇന്ന് അന്തകരായി മാറിക്കൊണ്ടിരിക്കുന്നു. പ്രകൃതിയുടെ സംരക്ഷണം കാടിന്റെയും സംരക്ഷണമാണ്. ഇത് മനുഷ്യരുടെ മാത്രം കർത്തവ്യമാണ്.

ആരാധ്യ ആർ.സി.
എ.എം.യു.പി.സ്കൂൾ വിരിപ്പാടം
മലപ്പുറം

# ചടങ്ങല്ല ശുചിത്വം

ശുചിത്വത്തിന്റെ പ്രസക്തി ഏറെ വർദ്ധിച്ചുവരുന്ന കാലത്താണ് നാമിന്നു ജീവിക്കുന്നത്. മനുഷ്യന്റെ പ്രവൃത്തി ദോഷം മൂലം പല മാരകരോഗങ്ങളും നമ്മെ കീഴടക്കിക്കൊണ്ടിരിക്കുന്നു. ഈ രോഗങ്ങളെ പിടിച്ചു നിർത്താൻ ലോകരാഷ്ട്രങ്ങൾ പെടാപാടുപെടുകയാണ്. പരിസരം ശുചിത്വമാകാൻ നാം ഡ്രൈഡേ ആചരിക്കാറുണ്ട്. എന്നാൽ ശുചീകരണം മറ്റുള്ളവരെ കാണിക്കുവാനുള്ള ഒരു ചടങ്ങല്ല. സ്വയം ചെയ്യേണ്ടതും, എപ്പോഴും ചെയ്യേണ്ടതും ഇച്ഛാശക്തിയോടെ ചെയ്തുതീർക്കേണ്ടതുമാണ്. വൃത്തിഹീനമായിടത്ത് കൊതുകും മറ്റും പെരുകും. അവ മനുഷ്യനെ കടിക്കുമ്പോൾ മനുഷ്യനിലേക്ക് പലവിധ രോഗങ്ങൾ എത്തുന്നു. രോഗവാഹകരായ മറ്റു പല ജന്തുക്കളും വൃത്തിഹീനമായ സാഹചര്യങ്ങളിൽ പെരുകാറുണ്ട്. എല്ലായിടവും ശുചിത്വം പാലിച്ചാൽ പകർച്ചവ്യാധികളെ നിയന്ത്രിക്കാം; ആഹാരംവഴി പടരുന്ന രോഗങ്ങൾ ഇല്ലാതാക്കാം. വീടും പരിസരവും മാത്രമല്ല പൊതുസ്ഥലവും വൃത്തിയായി സൂക്ഷിക്കാം. ശുചിത്വം നമ്മുടെ സംസ്കാരമായി മാറണം.



നഫീസ സൻഹ ടി. എസ്.
എൽ.പി.എസ്. കുന്നത്തറ, പഴയന്നൂർ
തൃശൂർ





# പ്രകൃതിയിലെ നെയ്ത്തുകാർ

കേരളത്തിൽ സർവസാധാരണമായി കണ്ടുവരുന്ന മഞ്ഞകലർന്ന തവിട്ടുനിറത്തിൽ ഉള്ള ഒരു പക്ഷിയാണ് ആറ്റകുരുവി അഥവാ ബായ വീവർ. തൂക്കണാംകുരുവി എന്നും ഇവ അറിയപ്പെടുന്നു. പൊതുവേ വയലുകൾക്ക് സമീപം ആണ് കാണപ്പെടുന്നത്. വയലുകളുടെ അടുത്തുള്ള ഉയരം കൂടിയ മരങ്ങളിൽ നാരുകൾ കൊണ്ട് നെയ്തെടുക്കുന്ന കൂടുകൾ മനോഹരമാണ്. ആൺകിളികൾ ആണ് കൂട് നിർമിക്കുന്നത്. പെൺകിളികളെ ആകർഷിക്കാൻ ആണത്രേ ഈ കഠിനാധ്വാനം.. കൊയ്ത്തു കഴിഞ്ഞ നെൽപ്പാടങ്ങളിൽ ഇവ കൂട്ടമായി പറന്നിറങ്ങി ഇര തേടാറുണ്ട്.

മോഹിത് കൃഷ്ണ
ഭവൻസ് ആദർശവിദ്യാലയം, കാക്കനാട്
എറണാകുളം

ഈ ഫോട്ടോ കാണാം



# അസ്തമയം



## Every sunset brings the promise of a new dawn


മാതൃഭൂമി ആകാശപ്പച്ച
2024 മേയ്

നിരഞ്ജൻ വി.
കെ.പി.ആർ.പി.എച്ച്.എസ്.എസ്.
കോങ്ങാട്, പാലക്കാട്

കൃഷിക്കാര്യം

# അഗ്രി ഡ്രോൺസ്

സാങ്കേതികവിദ്യയുടെ വളർച്ച, ലോകത്താകമാനം വ്യവസായ രംഗത്ത് മനുഷ്യാധ്വാനത്തിന് ബദലായി പുത്തൻ സംവിധാനങ്ങൾ കണ്ടെത്തി കഴിഞ്ഞു. ഡ്രോണുകളുടെ കണ്ടുപിടിത്തം വ്യവസായ രംഗത്തിനു പുറമേ, കാർഷിക രംഗത്തും സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞു. മണ്ണിന്റെയും വയലിന്റെയും വിശകലനം, പ്ലാന്റേഷൻ പരിപാലനം, കന്നുകാലി പരിപാലനം, വിള തളിക്കൽ, വിളകളുടെ ആരോഗ്യം പരിശോധിക്കൽ, വിളകളുടെ വളർച്ച നിരീക്ഷിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഡ്രോണുകൽ കർഷകരെ സഹായിക്കുന്നു. ഡ്രോണുകൾക്ക് മനുഷ്യർ ചെയ്യുന്നതിന്റെ ഇരട്ടി വേഗത്തിൽ പ്രവർത്തിക്കാൻ കഴിയും. പരമ്പരാഗതരീതികളെക്കാൾ മികച്ച രീതിയിൽ കാർഷിക ഡ്രോണുകൾ അൾട്രാ ലോ വോളിയം (ULV) സ്പ്രേ എന്ന സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. ഇത്തരം സാങ്കേതിക വിദ്യകൾ സുരക്ഷിതമായി ഉപയോഗിച്ചാൽ കർഷകർക്ക് മികച്ച വിളവ് ലഭിക്കും.



അഭിലാഷ് പി.എ.
ടീച്ചർ കോ-ഓർഡിനേറ്റർ
എസ്.കെ.എം.എച്ച്.എസ്.എസ്.
കുമരകം, കോട്ടയം

# ശ്രുതി ചേർന്ന കേരളം

*സഹ്യസാനു ശ്രുതി ചേർത്തുവെച്ച*
*മണിവീണയാണെന്റെ കേരളം*
*നീല സാഗരമതിന്റെ*
*തന്ത്രിയിലുണർത്തിടുന്നു സ്വര സാന്ത്വനം....*

പ്രശാന്തമായ ഭൂപ്രകൃതിയും പ്രകൃതിയോട് സ്വരച്ചേർച്ചയുള്ള ശബ്ദങ്ങളും എടുത്തുപറഞ്ഞ് കേരളത്തനിമ ചിത്രീകരിക്കുന്ന ഈ കാവ്യാത്മകത അതിശയകരമാണ്. പ്രത്യേകിച്ച് നീലക്കടൽ തിരമാലകളുടെ ശാന്തമായ ഈണവും പച്ചപ്പിന്റെ മൃദുവായ സാന്ത്വനവുമായി ഈ ഗാനം കേരളത്തിന്റെ സൗന്ദര്യത്തിന്റെ സാരാംശം ഉൾക്കൊള്ളുന്നു. സമൃദ്ധമായ പച്ചപ്പ്, ശാന്തമായ നീലക്കടൽ, കേരളത്തിന്റെ ഊർജ്ജസ്വലമായ സാംസ്കാരിക പൈതൃകം എന്നിവ ഇവിടെ ആഘോഷിക്കുന്നു. സംസ്ഥാനത്തിന്റെ പ്രകൃതിസമൃദ്ധിയുടെ മനോഹരമായ ചിത്രീകരണമാിത്. യൂസഫലി കേച്ചേരിയുടേതാണ് വരികൾ. മോഹൻ സിത്താര സംഗീതം പകർന്നു, കെ ജെ യേശുദാസ് ആലപിച്ചു.



നിഷാന എൻ.എസ്.
ഖാദിരിയ്യ ഹൈസ്കൂൾ
കൊട്ടുകാട്, കൊല്ലം



# പക്ഷികളും ഞാനും തമ്മിൽ

പ്രകൃതിയുടെ അമൂല്യനിധികളാണ് പക്ഷികൾ. പ്രഭാതത്തിൽ പ്രകൃതിയെ ഉണർത്തുന്ന മധുരശബ്ദത്തിന്റെ ഉടമകളാണ് അവ. ഏതു സാഹചര്യങ്ങളോടും പെട്ടെന്ന് പൊരുത്തപ്പെടുവാൻ പക്ഷികൾക്ക് സാധിക്കും. അപകടങ്ങൾ ഒഴിവാക്കി ലക്ഷ്യ ത്തിലേക്കു കുതിച്ചുയരുവാൻ അവയ്ക്കറിയാം. ഈ സവിശേഷത മനുഷ്യർക്കും പാഠമായി സ്വീകരിക്കുവാൻ സാധിക്കും. ഇതിഹാസങ്ങളിൽ പക്ഷികളെ സന്ദേശവാഹകരായി ചിത്രീകരിച്ചിരിക്കുന്നു. കാക്കക്കൂട്ടിൽ മുട്ടയിടുന്ന കുയിലുകൾ, സമാധാനത്തിന്റെ അടയാളമായ വെള്ളരിപ്രാവുകൾ, പേടിപ്പിക്കുന്ന വവ്വാലുകൾ, വർണ്ണാഭമായ തത്തകൾ, നൃത്തം ചെയ്യുന്ന മയിലുകൾ... അങ്ങനെ പക്ഷികളെക്കുറിച്ച് നിരവധി കാര്യങ്ങൾ ഒറ്റനിമിഷം കൊണ്ട് നമുക്ക് ഓർത്തെടുക്കാനാവും.

അക്ഷയ എസ്.
അമൃതവിദ്യാലയം
പത്തനംതിട്ട

തെറ്റ് ശരി



# സന്ധ്യ കഴിഞ്ഞാൽ നഖം മുറിക്കരുത്

സന്ധ്യ കഴിഞ്ഞാൽ നഖം മുറിക്കരുതെന്ന് പഴമക്കാർ പറയും. ഇതിന്റെ പിന്നിലെ കാരണം എന്താണെന്നറിയാമോ? പണ്ട് കാലത്ത് വൈദ്യുതി ഇല്ലായിരുന്നല്ലോ. അതിനാൽ സന്ധ്യ കഴിഞ്ഞാൽ നിലവിളക്കുപോലുള്ളവയാണ് വെളിച്ചത്തിന് ആശ്രയിക്കുന്നത്. പണ്ട് നഖം വെട്ടാൻ ഉപയോഗിക്കുന്നതാവട്ടെ കത്തിയും. ശരിയായ വെളിച്ചമിലാലതെ നഖം വെട്ടിയാൽ ചിലപ്പോൾ വിരലുകൾ മുറിയാനിടയുണ്ട്. അതിഞ്ഞാലാണ് പഴമക്കാർ ഇങ്ങനെ ഒരു വിലക്ക് ഏർപ്പെടുത്തിയിരുന്നത്.

അദീല റഫാ
വള്ളിയാട് എൽ.പി. സ്കൂൾ
കോഴിക്കോട്

മാതൃഭൂമി ആകാശപ്പച്ച
2024 മേയ്

# തലമുറമാറ്റം

എല്ലാ തലമുറയും പഴയരീതികളെ നോക്കി ചിരിക്കും, എന്നാൽ അവർ പിൻതുടരുന്ന പുതിയ രീതികളും ഇതേ ചിരി നേരിടേണ്ടിവരും. ഡിജിറ്റൽ രംഗത്ത് പിന്നിൽ നിൽക്കുന്നവരെ ഇപ്പോഴത്തെ യുവതലമുറ നോക്കുന്നത് ഏതാണ്ട ഇതേ മനോഭാവത്തോടെയാണ്. എന്നാൽ ഏത് തലമുറയും വെള്ളം, ഭക്ഷണം, ഔഷധം എന്നിവയ്ക്ക് വേണ്ടി പ്രകൃതിയെ ആശ്രയിക്കുകയും ജലം, വായു എന്നിവയെ അശുദ്ധമാക്കുകയും ചെയ്യുന്നു. ഇന്ന് കാണുന്ന അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം, കാലാവസ്ഥാവ്യതിയാനം, വനനശീകരണം, ആവാസവ്യവസ്ഥയുടെ നാശം എന്നിവയുടെ പ്രധാന കാരണമാണ് മനുഷ്യർ. എത്ര തലമുറകൾ മാറിവന്നിട്ടും ഇക്കാര്യത്തിൽ വലിയമാറ്റം സംഭവിക്കുന്നുമില്ല. നമ്മൾ മനുഷ്യർ മാറിചിന്തിക്കുന്നില്ലെങ്കിൽ വാതകപന്തുകളിൽ ജീവിക്കേണ്ടിവരുന്ന കാലഘട്ടം വിദൂരമല്ല!



പ്രീതം. ആർ
സെയിന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
പെരിയയാട്ടടുക്കം, കാസർകോട്



പൂവറിവ്

# അരളിപ്പൂവിലെ വിഷം

ഈയടുത്ത് വാർത്തകളിലൂടെ ശ്രദ്ധ നേടിയതാണ് അരളിപ്പൂവിലെ വിഷസാന്നിധ്യം. നോർത്ത് ആഫ്രിക്കയിൽ നിന്നെത്തിയ ഒരു കുറ്റിച്ചെടിയാണ് അരളി. നീരിയം ഒലിയാൻഡർ എന്നാണ് അരളിയുടെ ശാസ്ത്രീയനാമം. അടിമുടി വിഷാംശം അടങ്ങിയ സസ്യമാണ് അരളി. വേരുകൾ, ഇലകൾ, തണ്ട്, പൂക്കൾ, കറ തുടങ്ങി സസ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും വിഷാംശം അടങ്ങിയിരിക്കുന്നു. പാൽ പോലുള്ള ഒലിയാൻഡ്രിലിൻ എന്ന രാസവസ്തു ശരീരത്തിലെത്തിയാൽ ഛർദിയും ദേഹാസ്വാസ്ഥ്യവും ഉണ്ടാകുന്നു. അരളി ശരീരത്തിലെത്തിയാൽ ഉടൻ ആരും മരിക്കില്ല. പക്ഷേ ശരീരത്തിൽ എത്തുന്ന വിഷാംശത്തിന്റെ അളവ് അനുസരിച്ച് ആരോഗ്യസ്ഥിതി മാറുന്നതിനുള്ള സാധ്യതയുണ്ട്. ഇതിന്റെ വിഷം ഹൃദയം, നാഡീവ്യൂഹം, ആമാശയം എന്നിവയെയെല്ലാം ബാധിക്കാം. ഇലകളിലെയും പൂക്കളിലെയും വിഷാംശം അതിന്റെ വളർച്ചാഘട്ടം അനുസരിച്ച് മാറാവുന്നതാണ്.

നിഷ കെ.
ജമാ-അത് ഹയർ സെക്കണ്ടറി സ്കൂൾ
പുതിയങ്ങാടി

വർണച്ചിറക്

കവിത



# കാഴ്ച

എന്നും നമ്മൾ കാണുമീ സൂര്യോദയം
ആകാശം പൊട്ടിമുളച്ചതുപോലെ
എന്നും നമ്മൾ കേൾക്കുമീ കിളിതൻ ഗാനം
മധുരം മനസിൽ നിറഞ്ഞ പോലെ
എന്നും നമ്മെ തഴുകുമീ കുളിർതെന്നൽ
സാന്ത്വനം വന്നു പുതച്ചപോലെ

കാണുന്നു നാം വാനം
നീലനിറത്തിന്റ ഉത്സവം പോൽ
കാണുന്നു നാം ചുറ്റിലും പച്ച
ജീവന്റെ കാരുണ്യസ്പർശം പോലെ
തുള്ളിക്കളിക്കുന്നു ഇളനീർ ചോലകൾ
ഉള്ളുണങ്ങാത്ത മനസ്സുപോലെ

വീശുന്ന കാറ്റിൽ ഉലയുന്ന ചില്ലയിൽ
പൂക്കൾ പരത്തും സുഗന്ധത്തിൽ
വീശിയടിക്കും കടൽ തിരമാലയിൽ
എല്ലായിടവും ഞാൻ കണ്ടു നിന്നെ!

സഹസ്ര അനീഷ്
ഗവ. എൽ. പി. സ്കൂൾ ചെമ്പൂർ
വെഞ്ഞാമൂട്, തിരുവനന്തപുരം

# ദാഹം

'പുറത്തേക്കൊന്നും ഇറങ്ങല്ലേ മോളേ..' ഉമ്മ ജോലിക്ക് പോവുമ്പോ എന്നോടായി പറയും. വേനലവധിക്കാലം വന്നിട്ട് കൊതിതീരും വരെ മുറ്റത്ത് കളിക്കണം എന്ന് തീരുമാനിച്ചതായിരുന്നു. പക്ഷേ, കൊടുംചൂട് ആ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചു. പത്ത് മണി മുതൽ നാല് മണി വരെ മുറ്റത്തേക്ക് ഇറങ്ങാൻ പോലും പാടില്ല പോലും. കരിഞ്ഞു പോകുമത്രേ. തൊടിയിലെ മരങ്ങൾക്കെല്ലാം നല്ല ക്ഷീണമുണ്ട്. വെല്ലിപ്പ ഉണ്ടായിരുന്ന കാലത്ത് ആ മരങ്ങളൊന്നും ദാഹം അനുഭവിച്ചിട്ടുണ്ട് പോലും ഉണ്ടാവില്ല. അടച്ചിട്ട ഗേറ്റിന് മുന്നിൽ നിന്ന് പെട്ടെന്ന് ഒരു ശബ്ദം. ആരോ അവിടെ ചാരി നിൽക്കുന്നുണ്ട്. ഞാൻ പുറത്തേക്ക് നടന്നു. വെയിലിന് നല്ല ശക്തിയുണ്ട്. കാലുകൾ പൊള്ളുന്നു. ഒരു അമ്മയാണ്. ക്ഷീണിച്ച മുഖം. കുറച്ചു വെള്ളം തരുമോ എന്ന് ആംഗ്യം കാണിക്കുന്നു. ഞാൻ ഓടിപ്പോയി ഒരു ഗ്ലാസ് വെള്ളം കൊണ്ടുകൊടുത്തു. ആ അമ്മ എന്റെ തലയിൽ കൈ വെച്ച് അനുഗ്രഹിച്ചു. എന്നിട്ട് ആ ചൂടത്ത് റോഡിലേക്ക് ഇറങ്ങി നടന്നു. കത്തുന്ന സൂര്യനെ ഒന്നു നോക്കി, ഞാൻ വീട്ടിലേക്കും...



ആയിഷ തഹാനി
കെ.ടി.ഡീപോൾ പബ്ലിക് സ്കൂൾ
വയനാട്

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

**നട്ടുവളർത്തുന്നവയെക്കാൾ
ശക്തരാണ്
തനിയെ വളരുന്നമരങ്ങൾ,
അവയെ
വളരാൻ അനുവദിച്ചാൽ
മാത്രം മതി**

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha @ mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed